**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2111 | 04.11.2019 ൽ മറുപടിക്ക്

## മങ്കട മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-19 വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (എ) | 2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, മൂർക്കനാട് എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പി.എച്ച്.സി.കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി.രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ. കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം. വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, ശ്വാസകോശരോഗ ചികിത്സയ്ക്ക് ശ്വാസ് ക്ലിനിക്കുകൾ, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും, വൈകിട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകും. |
| (സി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പി.എച്ച്.സി.കൾക്ക് ഇത്തരം മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളിൽ സിവിൽ വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്കും നിയമനം നടത്തുന്ന മുറയ്ക്കും സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ